**ജനറൽ കൺവീനർ , പഞ്ചായത്ത് ദിനാഘോഷം – 2019 &**
**പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്**
**സിവിൽ സ്റ്റേഷൻ , അയ്യന്തോൾ പി.ഒ, തൃശ്ശൂർ , പിൻ–680 003**
**ഫോൺ :– 0487 2360616, 9496046010**
**ഇ.മെയിൽ – panchayathday2019@gmail.com**

**********************************************************************

DDP-TSR/4287/2018-P തിയ്യതി. 25/01/2019

ജനറൽ കൺവീനർ, പഞ്ചായത്ത് ദിനാഘോഷം – 2019 &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
തൃശ്ശൂർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ഗ്രാമ / ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

സർ,

വിഷയം : – പഞ്ചായത്ത് ദിനാഘോഷം 2019, തൃശ്ശൂർ – രജിസ്ട്രേഷൻ, അക്കൊമഡേഷൻ – സംബന്ധിച്ച്

സൂചന : – സർക്കാരിന്റെ 21/01/2019 തിയതിയിലെ സ.ഉ. (സാ.ധാ) നം 112/2019/തസ്വഭവ നമ്പർ ഉത്തരവ്.

**********

2019 വർഷത്തെ സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം ഫെബ്രുവരി 18, 19 തിയ്യതികളിൽ തൃശ്ശൂർ ജില്ലയിലെ ലുലു ഇന്റർനാഷ്ണൽ കൺവെൻഷൻ സെന്ററിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സൂചന ഉത്തരവു പ്രകാരം പഞ്ചായത്ത് ദിനാഘോഷ പരിപാടികളുടെ നടത്തിപ്പിനായി തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 20,000/– രൂപ വീതവും, മറ്റു 13 ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 15,000/– രൂപ വീതവും തനത് ഫണ്ടിൽ നിന്നോ, ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ ജനറൽ കൺവീനറായ തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ ലഭ്യമാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ടി തുക ***NEFT TRANSFER മുഖേന*** താഴെ പറയുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

| | | |
|---|---|---|
| **ബാങ്കിന്റെ പേര്** | – | **ഫെഡറൽ ബാങ്ക്** |
| **ബ്രാഞ്ച്** | – | **ഒളരിക്കര** |
| NAME OF ACCOUNT HOLDER | – | GENERAL CONVENOR,<br>PANCHAYAT DAY CELEBRATIONS 2019 &<br>DEPUTY DIRECTOR OF PANCHAYAT, THRISSUR. |
| **അക്കൗണ്ട് നമ്പർ** | – | 12400200004719 |
| IFSC CODE | – | FDRL0001240 |

ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ തങ്ങളുടെ കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾക്ക് താഴെ ലിങ്ക് നൽകിയിരിക്കുന്ന ഗൂഗിൾ ഡ്രൈവിന്റെ ഒരു പകർപ്പ് നല്കി, അതിൽ തുക കൈമാറിയ വിവരം അതാത് ദിവസം തന്നെ തെറ്റുകൂടാതെ രേഖപ്പെടുത്താൻ നിർദ്ദേശിക്കണമെന്നും, അങ്ങനെ കിട്ടുന്ന വിവരം ലിങ്ക് നല്കിയിരിക്കുന്ന ഗൂഗിൾ ഡ്രൈവിൽ ഡി.ഡി.പി ഓഫീസിൽ നിന്നു തന്നെ അതാത് ദിവസം അപ്ഡേറ്റ് ചെയ്യണമെന്ന് അറിയിക്കുന്നു.

***ലിങ്ക് –***

**https://docs.google.com/spreadsheets/d/1Veafdwd18TI1-M7HCHfdJ80wlnW3ZqBJf_qBj2cB9jY/edit?usp=sharing**

കൂടാതെ പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് ഗ്രാമപഞ്ചായത്തുകളുടെ വിവിധ വികസന പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിനുള്ള എക്സിബിഷനിൽ പങ്കെടുക്കാൻ തിരഞ്ഞെടുക്കപ്പെട്ട ത്രിതല പഞ്ചായത്തുകൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നോ, ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ 40,000/– രൂപ ചെലവഴിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ, തേക്കിൻകാട് മൈതാനത്ത് ഫെബ്രുവരി 16,17,18,19 തിയതികളിലാണ് എക്സിബിഷൻ സംഘടിപ്പിക്കുന്നത്. എക്സിബിഷനിൽ പഞ്ചായത്തുകളുടെ പ്രാതിനിധ്യം അതാത് ഡി.ഡി.പിമാർ ഉറപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. **എക്സിബിഷൻ സംബന്ധമായ സംശയങ്ങൾക്ക് താഴെ പറയുന്ന നമ്പറുകളുമായി ബന്ധപ്പെടാവുന്നതാണ്.**

| | | |
|---|---|---|
| 1) | പ്രസന്നൻ കെ.പി., എക്സിബിഷൻ & സുവനീർ കമ്മിറ്റി മെമ്പർ & അസിസ്റ്റന്റ് സെക്രട്ടറി, കൊടകര ഗ്രാമപഞ്ചായത്ത് | 9497804980 |
| 2) | ശ്രീനിവാസൻ എം. ബി – എക്സിബിഷൻ & സുവനീർ കമ്മിറ്റി മെമ്പർ & ജൂനിയർ സൂപ്രണ്ട്, മണലൂർ ഗ്രാമപഞ്ചായത്ത് | 9446090417 |
| 3) | ശിവദാസൻ ടി.വി. – എക്സിബിഷൻ കമ്മിറ്റി കൺവീനർ & സെക്രട്ടറി, പാറളം ഗ്രാമപഞ്ചായത്ത്. | 9496046117 |

**പഞ്ചായത്ത് ദിനാഘോഷത്തിനോടനുബന്ധിച്ചുള്ള രജിസ്ട്രേഷൻ & അക്കൊമഡേഷൻ എന്നിവയ്ക്കായി ജില്ലകളിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.**

1. **രജിസ്ട്രേഷൻ**

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ, എല്ലാ സീനിയർ സൂപ്രണ്ടുമാർ, ഡി.ഡി.പി ഓഫീസുകളിലെ പരമാവധി 4 ജീവനക്കാർ, എല്ലാ ഗ്രാമ / ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളിലേയും പ്രസിഡണ്ടുമാർ, സെക്രട്ടറിമാർ എന്നിവർ രജിസ്റ്റർ ചെയ്ത് പഞ്ചായത്ത് ദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് താല്പര്യപ്പെടുന്നു. ഓരോ ഡി.ഡി.പി ഓഫീസിനു കീഴിലും രജിസ്ട്രേഷന് ഉള്ള ലോഗിൻ ബന്ധപ്പെട്ട DTO മാർ നൽകുന്നതാണ്. 05/02/2019 വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

site address : – http://panchayatday.lsgkerala.gov.in

- for registration :–

  User Name :– LB code (eg : G100101)

  Pass Word :– ikm@2019

**രജിസ്ട്രേഷൻ സംബന്ധമായ സംശയങ്ങൾക്ക് താഴെ പറയുന്നവരുമായി ബന്ധപ്പെടാവുന്നതാണ്**

| | | |
|---|---|---|
| 1) | വിനോദ്കുമാർ പി. എൻ. – കൺവീനർ, രജിസ്ട്രേഷൻ കമ്മിറ്റി & സീനിയർ സൂപ്രണ്ട് , പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, തൃശ്ശൂർ | 9446051438 |
| 2) | നിതിൻ സി.എൻ – ജോയിന്റ് കൺവീനർ, രജിസ്ട്രേഷൻ കമ്മിറ്റി & ജൂനിയർ സൂപ്രണ്ട്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, തൃശ്ശൂർ | 9446027661 |

**2. അക്കൊമഡേഷൻ**

പഞ്ചായത്ത് ദിനാഘോഷത്തിന്റെ ഭാഗമായി പ്രതിനിധികൾക്ക് താമസസൗകര്യം ഒരുക്കുന്നതിന് എ.സി സൗകര്യത്തോടു കൂടിയ ബെഡ്ഡിന് പ്രതിദിനം 2000/- രൂപയും, നോൺ എ.സി സൗകര്യത്തോടു കൂടിയ ബെഡ്ഡിന് പ്രതിദിനം 1200/- രൂപയും, താമസ സൗകര്യം ആവശ്യമുള്ള ഡ്രൈവർ കൂടെയുണ്ടെങ്കിൽ, ഡ്രൈവർമാർക്ക് ആകെ 1000/- രൂപയും (രണ്ടു ദിവസത്തേക്കും) അടവാക്കി താമസ സൗകര്യം ബുക്ക് ചെയ്യാവുന്നതാണ്. പ്രതിനിധിയുടെ പേര്, പ്രതിനിധിയുടെ സ്ഥാന പേര്, മൊബൈൽ നമ്പർ എന്നിവ രജിസ്റ്റർ ചെയ്യുന്ന അന്നുതന്നെ panchayathday2019@gmail.com എന്ന മെയിലിൽ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. ഓരോ ദിവസവും ലഭ്യമാകുന്ന ബുക്കിംഗ് വിവരത്തിന്റെ അടിസ്ഥാനത്തിൽ അന്നേ ദിവസം തന്നെ റൂം അലോട്ട്മെന്റ് ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ആയതിനാൽ തുക അടവാക്കിയ വിവരം അന്നേ ദിവസം തന്നെ മുകളിൽ പറഞ്ഞ മെയിൽ ഐ.ഡിയിൽ അറിയിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

17/02/2019 വൈകിയിട്ട് ചെക്ക് ഇൻ ചെയ്ത് 19/02/2019 –ന് ചെക്ക് ഔട്ട് ചെയ്യുന്ന രീതിയിലും, 18/02/2019 –ന് ചെക്ക് ഇൻ ചെയ്ത്, 19/02/2019 ചെക്ക് ഔട്ട് ചെയ്യുന്ന രീതിയിലുമാണ് ബുക്കിംഗ് അനുവദനീയമായിട്ടുള്ളത്. ബുക്കിംഗ് സൗകര്യം മുൻകൂട്ടി ഉപയുക്തമാക്കുന്നത് അഭികാമ്യമായിരിക്കും എന്ന വിവരം കൂടി അറിയിക്കുന്നു.

- site address : – http://panchayatday.lsgkerala.gov.in
    - for registration :-

      User Name :- LB code (eg : G100101)

      Pass Word :- ikm@2019

**അക്കൊമഡേഷൻ സംബന്ധമായ സംശയങ്ങൾക്ക് താഴെ പറയുന്നവരെ ബന്ധപ്പെടാവുന്നതാണ്**

| | | |
|---|---|---|
| 1) | ശ്രീ. സുനിൽകുമാർ കെ. എസ് – കൺവീനർ, അക്കൊമഡേഷൻ കമ്മിറ്റി & സീനിയർ സൂപ്രണ്ട്, പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് – 6 | 9446616500 |
| 2) | ശ്രീ. രാമദാസ് – ജോയിന്റ് കൺവീനർ & സെക്രട്ടറി, ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് | 9645009747 |
| 3) | ശ്രീ. നന്ദകുമാർ – മെമ്പർ, അക്കൊമഡേഷൻ കമ്മിറ്റി & ജൂനിയർ സൂപ്രണ്ട്, പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് – 6 | 9446353051 |

**പഞ്ചായത്ത് ദിനാഘോഷത്തിനോടനുബന്ധിച്ചുള്ള സംശയ നിവാരണങ്ങൾക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ ഹെൽപ്പ് ഡസ്കിന്റെ സേവനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്**

1) **HELP DESK :-** പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് – 0487 – 2360354
2) മധുരാജ് കെ. :- ജൂനിയർ സൂപ്രണ്ട്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് – 9447529930

വിശ്വസ്തതയോടെ,
(ഒപ്പ്)

ജനറൽ കൺവീനർ
പഞ്ചായത്ത് ദിനാഘോഷം – 2019 &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
തൃശ്ശൂർ

യു.എ.